വിതരണം ചെയ്യുന്നതിനുള്ള ഉത്തരവ് നൽകിയിട്ടുണ്ട്. അതിൽ നാളിതുവരെ 3597 ഗ്രൂപ്പുകളിലായി 14345 മത്സ്യത്തൊഴിലാളികൾക്ക് 541.75 ലക്ഷം രൂപയ്ക്കുള്ള ഉപകരണങ്ങൾ വിതരണം ചെയ്തിട്ടുണ്ട്.

(ബി) കൊല്ലം ജില്ലയിലെ ആലപ്പാട് പഞ്ചായത്തിലും, ചവറ, നീണ്ടകര, ശക്തികുളങ്ങര, വാടി, തങ്കശ്ശേരി പ്രദേശങ്ങളിലും ആലപ്പുഴ ജില്ലയിലെ ആറാട്ടുപുഴ പഞ്ചായത്ത്, അന്ധകാരനഴി പ്രദേശങ്ങളിലും, എറണാകുളം ജില്ലയിലെ എടവനക്കാട്, ഞാറയ്ക്കൽ, നായരമ്പലം, ചെല്ലാനം പ്രദേശങ്ങളിലും, കണ്ണൂർ ജില്ലയുടെ കടലോര പ്രദേശങ്ങളിലുമാണ് കൂടുതലായി മത്സ്യബന്ധന ഉപകരണങ്ങൾക്ക് കേടുപാടുകൾ സംഭവിച്ചിട്ടുള്ളത്. കൂടാതെ തിരുവനന്തപുരം, തൃശ്ശൂർ, മലപ്പുറം, കോഴിക്കോട്, കാസർഗോഡ് എന്നീ ജില്ലകളിലെ ചില പ്രദേശങ്ങളിലും മത്സ്യബന്ധനോപകരണങ്ങൾക്ക് നാശനഷ്ടം സംഭവിച്ചിട്ടുണ്ട്.

(സി) ആനുകൂല്യങ്ങൾ ലഭിച്ചവരുടെ ജില്ല തിരിച്ചുള്ള ലിസ്റ്റ് അനുബന്ധമായി ചേർക്കുന്നു.†

സുനാമി ദുരന്തബാധിതർക്കുള്ള ധനസഹായം

111 [293] *ശ്രീ. കോവൂർ കുഞ്ഞുമോൻ*: താഴെ കാണുന്ന ചോദ്യങ്ങൾക്ക് ഫിഷറീസും സ്പോർട്സും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) സംസ്ഥാനത്തുണ്ടായ സുനാമി ദുരന്തത്തിൽ എത്ര മത്സ്യത്തൊഴിലാളികൾക്കാണ് മത്സ്യബന്ധന ഉപകരണങ്ങൾ നഷ്ടമായത്;

(ബി) ദുരന്തത്തിനിരയായ മത്സ്യത്തൊഴിലാളികൾക്ക് എന്തെല്ലാം ഉപകരണങ്ങൾ സർക്കാർ സൗജന്യമായി വിതരണം ചെയ്തു;

(സി) ആകെ എത്രപേർക്ക് എത്ര തുകയ്ക്കുള്ള ഉപകരണങ്ങൾ സർക്കാർ സൗജന്യമായി വിതരണം ചെയ്തു എന്ന് വ്യക്തമാക്കാമോ?

ഉത്തരം

(എ) 1-7-2005 വരെ ലഭിച്ച അപേക്ഷകൾ പരിശോധിച്ചതിൽ 27,087 മത്സ്യത്തൊഴിലാളികൾക്ക് മത്സ്യബന്ധന ഉപകരണങ്ങൾ നഷ്ടപ്പെട്ടിട്ടുണ്ട്.

(ബി) വള്ളം, വല, ഒ.ബി.എം. മറ്റ് അനുസാരികൾ.

(സി) 1-7-2005 വരെ 13,876 മത്സ്യത്തൊഴിലാളികൾക്ക് 540.76 ലക്ഷം രൂപയുടെ ഉപകരണങ്ങൾ വിതരണം ചെയ്തിട്ടുണ്ട്.

† അനുബന്ധം VIII.

LIBRARY ARCHIVES Kerala Legislative Assembly